ലഭ്യമാക്കാനും എന്തൊക്കെ പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) ഓരോ സ്ഥാപനങ്ങളുടെയും വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിനായി ഇപ്പോൾ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം ഇനി ഏതൊക്കെ ജില്ലകളിൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള രീതികൾക്ക് പുറമേ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് കോളേജുകളുടെ ക്ലസ്റ്റർ സമ്പ്രദായം വ്യാപകമാക്കണമെന്ന നിർദ്ദേശമാണ് ഉയർന്നുവന്നിട്ടുള്ളത്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ഇപ്പോൾ ക്ലസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) നിലവിലുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഘടനാപരമായ മാറ്റങ്ങളോടെ കൂടുതൽ ക്ലസ്റ്ററുകൾ കൂടുതൽ ജില്ലകളിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ നൽകിവരുന്ന സഹായങ്ങൾ

6 (*246) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സിഡ്കോ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ വിപണനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇപ്പോൾ ഏതെല്ലാം വ്യവസായ പാർക്കുകളുടെ നിർമ്മാണമാണ് നടന്നുവരുന്നത് ;

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ജി) തിരുവനന്തപുരത്ത് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സിഡ്കോ കേരളത്തിലെ ചെറുകിട വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് ആവശ്യമായ വിപണി കണ്ടെത്തി കൊടുക്കുകയും ചെയ്യുന്നു. കൂടാതെ വ്യവസായ എസ്റ്റേറ്റുകളുടെ നടത്തിപ്പും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് ആധുനിക സൗകര്യങ്ങൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഇവ നടത്തുന്നു.

(ബി) സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ജില്ലാതല ഡിപ്പോകൾവഴി വിതരണം നടത്തുകയും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തിക്കൊടുക്കുകയും ചെയ്യുന്നു.

(ഡി) ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ജില്ലാതല വിപണനകേന്ദ്രങ്ങൾവഴി ആവശ്യമായ വിപണന സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്.

(ഇ) ഇപ്പോൾ സിഡ്കോയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകളുടെ നിർമ്മാണം ഒന്നും നടക്കുന്നില്ല.

(എഫ്) കോർപ്പറേഷന്റെ വിപുലീകരണപ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ എസ്റ്റേറ്റുകളെ മാതൃകാ എസ്റ്റേറ്റുകളാക്കി മാറ്റുന്നതിനുള്ള പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ പുതിയ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു.

(ജി) ടെലികോംസിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly